പൊതുമരാമത്തു വകുപ്പിലെ അസിസ്റ്റന്റ് എൻജിനീയർ തസ്തിക

900 [1073] ശ്രീ. കെ.ആർ. ചന്ദ്രമോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിലെ അസിസ്റ്റന്റ് എൻജിനീയർ തസ്തിക കേരള എൻജിനീയറിംഗ് സർവീസിൽ ഉൾപ്പെടുത്താൻ തീരുമാനിച്ചുകൊണ്ട് ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്റെ അനന്തര നടപടികൾ എന്തെല്ലാം പൂർത്തിയായി; ഇനി എന്തെല്ലാം നടപടികൾ ബാക്കിയുണ്ട്;

(സി) ഈ ഉത്തരവു നടപ്പിലാക്കാൻ കാലതാമസമുണ്ടാകുന്നതിന്റെ കാരണം വ്യക്തമാക്കുമോ;

(ഡി) ഇത് എപ്പോൾ നടപ്പിലാക്കും?

ഉത്തരം

(എ) ഉണ്ട്.

(ബി) ബന്ധപ്പെട്ട സ്പെഷ്യൽ റൂളുകളിൽ ഭേദഗതികൾ വരുത്തുന്നതിനുവേണ്ടി 8 കരടുനോട്ടിഫിക്കേഷനുകൾ തയ്യാറാക്കി പൊതുഭരണ (സർവീസസ്) വകുപ്പും, പൊതുഭരണ (റൂൾസ്) വകുപ്പും സംയുക്തമായി നടത്തി കഴിഞ്ഞു. നിയമവകുപ്പു സംയുക്തമായി നടത്തിക്കൊണ്ടിരിക്കുന്നു. അതിനുശേഷം പബ്ലിക് സർവീസ് കമ്മീഷൻ സബ്ജക്ട് കമ്മിറ്റി കാബിനറ്റ് എന്നിവകളുടെ അംഗീകാരവും നേടേണ്ടിയിരിക്കുന്നു.

(സി) 8 നോട്ടിഫിക്കേഷനുകൾ പുറപ്പെടുവിക്കേണ്ടതിനാൽ പൊതുഭരണവകുപ്പും നിയമവകുപ്പും പല ഭേദഗതികളും കരടു നോട്ടിഫിക്കേഷനുകളിൽ വരുത്തുകയുണ്ടായി. അവ ചീഫ് എൻജിനീയറു (ജനറൽ) മായി ബന്ധപ്പെട്ട് പരിശോധിക്കേണ്ടവയാണ്.

(ഡി) മേൽനടപടിക്രമങ്ങൾ പൂർത്തിയായാലുടനെ നടപ്പിലാക്കുന്നതാണ്.

സി.എൽ.ആർ/എസ്.എൽ.ആർ ജീവനക്കാരെ സംബന്ധിച്ച ഉത്തരവ്

901 [1074] ശ്രീ. വി.കെ. രാജൻ:
ശ്രീ. കെ.ഇ. ഇസ്മയിൽ:
ശ്രീ. എം.കെ. കേശവൻ:
ശ്രീ. കെ.പി. പ്രഭാകരൻ:
ശ്രീമതി. ഭാർഗവി തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സി.എൽ.ആർ/എസ്.എൽ.ആർ. ജീവനക്കാരെ റഗുലർ സർവീസിൽ കൊണ്ടുവരുന്നതിന് ഗവൺമെന്റ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്നാണ് പുറപ്പെടുവിച്ചിട്ടുള്ളത്;

LIBRARY ARCHIVES Kerala Legislative Assembly